# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>www.ksad.kerala.gov.in</u>

## ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**

**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-131/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 04/04/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-131/2023

തീയ്യതി: 04/04/2023

## ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 29-10-2021 മുതൽ 14-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 20-01-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-01-2023 | 20-01-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സൂസനിയമ്മ തോമസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.രാജീവ് എം.എസ്., ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. വിഷ്ണു പി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഡെന്നിസ് ജോസഫ്, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീ( (വ( |
|---|---|---|---|
| ശ്രീമതി സിനി ബേബി | പ്രസിഡന്റ് | 01-04-2021 | 31-20 |
| ശ്രീ.റ്റി.രഞ്ചൻ | സെക്രട്ടറി | 01-04-2021 | 11-20 |
| ശ്രീ.അനിൽ ഡി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-05-2021 | 04-20 |
| ശ്രീ.സെബാസ്റ്റ്യൻ .ബി.മോറിസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-08-2021 | 07-20 |
| ശ്രീ.ജെ.സന്തോഷ് | സെക്രട്ടറി | 08-10-2021 | 31-20 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീ( (വ( |
|---|---|---|---|
| ശ്രീ.ബെന്നി വർഗ്ഗീസ് | കൃഷി ഓഫീസർ | 01-04-2021 | 22-20 |
| ശ്രീമതി.അനിൽഡ ബിജി | കൃഷി ഓഫീസർ | 23-10-2021 | 31-20 |
| ശ്രീ.ജെയ്മോൻ കെ.ആർ | അസി.എഞ്ചിനീയർ | 01-04-2021 | 31-20 |
| | | | |

| | | | |
|---|---|---|---|
| ഡോ.അഞ്ജു മോൾ സി.പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-( 20: |
| ഡോ.ജയ ജി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-( 20: |
| ഡോ.നൗമത്ത് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 06-( 20: |
| ഡോ.ആൽബി എൽദോസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ)) | 07-08-2021 | 31-( 20: |
| ശ്രീ.ജിജോ ജോയി | വി.ഇ.ഒ | 01-04-2021 | 31-( 20: |
| ശ്രീമതി.മായാ സി.കെ | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | 01-04-2021 | 09-: 20: |
| ശ്രീമതി.ബ്രിജിത്ത് സൗമുഖി പി.ജെ | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | 10-11-2021 | 31-( 20: |
| ശ്രീ.അയ്യാച്ചാമി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-( 20: |
| ശ്രീ.റിനു തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-( 20: |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-2 |
| 3 | സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-3-1 |
| 4 | പട്ടികവർഗ്ഗ വികസനഫണ്ട് – ₹255548/- ലാപ്സായി | 1-3-2 |
| 5 | ഗ്രാന്റ് വിനിയോഗം | 1-3 |
| 6 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 38.74ശതമാനം മാത്രം. 20.38 ലക്ഷം ലാപ്സായി | 1-3-3 |
| 7 | പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-3-4 |
| 8 | മരാമത്ത് പ്രവൃത്തികളുടെ നിർവഹണം- അവലോകനം | 1-4-1 |
| 9 | പദ്ധതി അവലോകനം | 1-4 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 11 | ക്ഷേമ പെൻഷനുകൾ | 1-6 |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 14 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 15 | ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണയിച്ചില്ല | 1-10 |
| 16 | രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല | 1-11 |
| 17 | അംഗൻവാടി പോഷകാഹാരം - സ്പിൽ ഓവർ പ്രോജക്ട് വഴിയല്ലാതെ പുതിയ പദ്ധതി വഴി കുടിശ്ശിക തുക അനുവദിച്ചു | 1-12 |
| 18 | അമൃതം നുട്രീമിക്സ് - ലാബ് ടെസ്റ്റ് നടത്തുന്നില്ല | 1-13 |
| 19 | ജി.എസ്.റ്റി കോംപോസിഷൻ സ്കീം പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനത്തിന് ജി.എസ്.റ്റി അനുവദിച്ചു | 1-14 |
| 20 | ലൈഫ് ഭവന പദ്ധതി - വീട് പണി പൂർത്തീകരിച്ചില്ല | 1-15 |
| 21 | ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്തു ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല | 1-16 |
| 22 | | 1-17 |

| | | |
|---|---|---|
| | തൊഴിലുറപ്പ് പദ്ധതി സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചതിലെ അപാകത | |
| 23 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 1-18 |
| 24 | മഴക്കാലപൂർവ്വശുചീകരണം- ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-19 |
| 25 | മെഡിക്കൽ ഓഫീസർ - സി എച്ച് സി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ - തടസ്സം - ₹ 203000/- | 1-20 |
| 26 | അനർഹമായ കാലയളവിൽ ക്ഷേമപെൻഷൻ നൽകിയത് | 1-21 |
| 27 | കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ - തടസ്സം - ₹7637485/- | 1-22 |
| 28 | കൃഷി ഓഫീസിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ - ക്വട്ടേഷൻ കൂടാതെ വാങ്ങൽ നടത്തി - തടസ്സം - ₹ 48740/- | 1-23 |
| 29 | ഖരമാലിന്യ നിർമ്മാർജ്ജനം - അപാകതകൾ | 1-24 |
| 30 | എച്ച്.എം.സി യഥാസമയം വാർഷികകണക്കുകൾ സമർപ്പിക്കുന്നില്ല | 1-25 |
| 31 | റിറ്റെൻഷൻ തുകകൾ പഞ്ചായത്തിന് കൈമാറുന്നില്ല. | 1-26 |
| 32 | ഇ-ടെണ്ടറിൽ ലഭിക്കുന്ന ടെണ്ടർ ഫാറവില പഞ്ചായത്തിന്റെ തനതു ഫണ്ടിൽ ലഭിച്ചിട്ടില്ല. | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടിന്റെ വിവരം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ വായ്പതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | | 4-8 |

| | | |
|---|---|---|
| | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശങ്ങൾ | |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1
## പൊതു അവലോകനം

### 1–1 ബജറ്റ്

2021-22 വർഷത്തേക്കുള്ള ബജറ്റ് 30.03.2021-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ അ ₹466617/- മുന്നിരിപ്പും ₹52087300/- വരവും ₹46530500/- ചെലവും ₹6023417/- മി. ബജറ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ധനകാര കമ്മിറ്റി 06.03.2021-ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് ന വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട തയ്യാറാക്കിയിട്ടുള്ളത്.

സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നി ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമാ പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളു എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ന് മുമ്പായി സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. എന്നാൽ കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുക അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കി വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ, എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനെ ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ ന സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ റിവൈസ്ഡ് പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, 2020-21-ലെ പരിഷ്ക അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗ് എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എ ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2021-22-ലെ ബജറ്റ് എസ്റ്റിമേറ്റു കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്.

ബജറ്റ് പ്രകാരം സംരക്ഷണ ഗ്രാന്റിനത്തിൽ വരവ് ഇല്ല. ഗ്രാമപഞ്ചായത്തിന് എല്ല ലഭിക്കുന്ന സംരക്ഷണ ഗ്രാന്റ് ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് മാനേജ്മെന്റിന്റെ അടിസ്ഥാനശിലയായ ബജറ്റിനെ ലാഘവത്തോടെ പരിഗണിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാക ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതു

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻ വ
ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥ
വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ട
കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പ
ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശക
ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**1-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം**

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 01-07-2022 | -- | |

**1-3-1 സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയി**

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കു സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെ ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ബജറ്റ് വിഹിതം | ലൈഫ് ലോൺ | അംഗൻവാടി ഹോണറേറിയം | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|
| | ₹ | ₹ | ₹ | ₹ |
| വികസനഫണ്ട് (ജനറൽ) | 11406727 | 2751058 | 1051200 | 13106585 |
| വികസനഫണ്ട് (SCP) | 13671963 | 0 | 765037 | 12011227 |
| വികസനഫണ്ട് (TSP) | 3601444 | 0 | 101556 | 2921812 |

**1-3-2 പട്ടികവർഗ്ഗ വികസനഫണ്ട് – ₹255548/- ലാപ്സായി**

പട്ടികവർഗ്ഗ വികസന ഫണ്ട് വിഹിതമായ ₹3971700/-ൽ 2021-22 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2021-22 സാമ്പ അനുവദിച്ച വികസന ഫണ്ട് പൂർണമായി ചെലവഴിക്കാത്തപക്ഷം അനുവദിച്ച തുകയുടെ ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമത 22 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന ഫണ്ടിന്റെ 73.57 ശതമാനം ചെലവഴിച്ചിട്ടുള്ളത്. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹255548/- ലാപ്സായ

| ഫണ്ട് | അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | 2022-23-വർഷത്തേയ്ക്ക് അനുവദിക്കുന്ന |
|---|---|---|---|---|---|
| | ₹ | ₹ | ₹ | | ക്യാരി ഓവർ തുക ₹ |
| വികസന ഫണ്ട്-ടി.എസ്.പി. | 3971700 | 2921812 | 1049888 | 73.57 | 794340 |

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് / വരവ് (₹) | ആകെ (₹) | ചെലവ് (₹) |
|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 13936236- | 13936236- | 13106585- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 14970335- | 14970335- | 12011227- |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 3971700- | 3971700- | 2921812- |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 195411- | 4396411- | 4591822- | 3424019- |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 3502886- | 7285886- | 10788772- | 1365567- |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 9206000- | 9206000- | 8062420- |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 4938652- | 4938652- | 1913197- |
| ഐ.സി.ഡി.എസ്. | 1313427- | 549757- | 1863184- | 351437- |
| ശുചിത്വ മിഷൻ | 1329823- | 130000- | 1459823- | 608440- |
| ടോട്ടൽ സാനിറ്റേഷൻ-പെർഫോമൻസ് ബേസ്ഡ് ഗ്രാന്റ് | 421464 | 60004- | 481468- | 60000- |
| അംഗൻവാടി പശ്ചാത്തല വികസനം | 22000 | 0 | 22000- | 22000- |
| SSA | 80098- | 2185- | 82283- | 0 |
| മറ്റ് ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ് 320300199 | 1270000- | 1333243- | 2603243- | 1333133- |
| പകർച്ചവ്യാധി ഗ്രാന്റ് | | 5,00,000- | 5,00,000- | 5,00,000- |

| | |
|---|---|
| കുറിപ്പ്: എം.എൽ.എ.ഫണ്ട് (320200307) | ഈയിനത്തിൽ 79120/- നീക്കിയിരിപ്പുള്ളതായി വാർഷിക കണക്കിലുണ്ട്. എന്നാൽ മുന്നിരിപ്പ്, വരവ്, ചെലവുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. വിശദാംശങ്ങൾ ഖ.1-9ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 1-3-3 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 38.74ശതമാനം മാത്രം. 20.38 ലക്ഷം

റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹4938652/- ൽ 2021-22 സാമ്പത്ത ₹1913197/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ കേവലം 38.74 ശതമാന ചെലവ്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2021-22 സാമ്പത്ത അനുവദിച്ച സംരക്ഷണ ഗ്രാന്റ് പൂർണമായി ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ

20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അ
അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹2037725/- ലാപ്സായി.

| അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ഒ |
|---|---|---|---|---|---|
| 4938652 | 1913197 | 3025455 | 38.74 | 987730.4 | |

## 1-3-4 പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച ഫണ്ടുകൾ ചെലവഴിക്കാതെ അവശേ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-4 പത്രികയിൽ പ്രത്യേ
പദ്ധതികൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവ
ലഭിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിച്ചിരി
കാണുന്നു.

| അക്കൗണ്ട് ഹെഡ് | നീക്കിയിരിപ്പായി അവശേഷിക്കുന്നതുക (₹) |
|---|---|
| 320100196 | 1511747 |
| 320100198 | 851383 |
| 320200307 | 79120 |
| 320300103 | 421468 |
| 320300199 | 1270110 |
| 320700404 | 635076 |

വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക ചെലവഴിക്കുകയോ അല്ലാത്തപക്ഷ
സ്ഥാപനങ്ങൾക്ക് യഥാവിധി തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

## 1-4-1 മരാമത്ത് പ്രവൃത്തികളുടെ നിർവഹണം- അവലോകനം

പദ്ധതികളുടെ ബാഹുല്യം മരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമതയെ സാരമായി ബ
തൻവർഷം 97 മരാമത്ത് പദ്ധതികൾ ആവിഷ്കരിക്കുകയും 65 പ്രവൃത്തികൾ നടപ്പാക്കുക
പദ്ധതികളിൽ 24 പ്രോജക്ടുകളും സ്പിൽ ഓവറായിരുന്നു. സ്പിൽ ഓവറായ പദ്ധതികളിൽ 5
വർഷവും നടപ്പാക്കിയിട്ടില്ല. തൻ വർഷം പുതുതായി രൂപീകരിച്ച 73 പ്രോജക്ടുകളിൽ 27
തുകയൊന്നും ചെലവഴിച്ചിട്ടില്ല. സ്പിൽ ഓവർ പദ്ധതികളുടെ ബാഹുല്യം മൂലം പുതിയ പ്രേ
ഫണ്ട് ലഭ്യമല്ലാത്ത അവസ്ഥ ഒഴിവാക്കുന്നതിന് പദ്ധതികൾ സ്പിൽ ഓവറാക്കുന്ന
ഒഴിവാക്കേണ്ടതാണ്. പ്രത്യേക സാഹചര്യങ്ങളിലൊഴികെ പദ്ധതികൾ അതത് വർഷങ്ങ
പൂർത്തീകരിച്ച് പ്രതിഫലം നൽകുന്നതിന് പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

വാർഡ് അടിസ്ഥാനത്തിൽ തുക വിഭജിക്കുക എന്ന സങ്കുചിത കാഴ്ചപ്പാടിലൂടെ

രൂപീകരിക്കുന്നത് മൂലം ശരിയായ വികസനം സാധ്യമാവുന്നില്ല. പ്രവൃത്തികളിൽ ഭൂരിഭാ

കോൺക്രീറ്റ് പ്രവൃത്തികളായിരുന്നു. ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾ ഒന്ന

ഏറ്റെടുത്തിരുന്നില്ല. ഇത് ശരിയായ വികസന കാഴ്ചപ്പാടല്ല. പദ്ധതി ബാഹുല്യം മൂലം പ്ര

വളരെയധികം തുടർ നടപടികൾ എഞ്ചിനിയറിംഗ് വിഭാഗത്തിനു ചെയ്യേണ്ടതായി വ

കൃത്യമായി മോണിട്ടറിംഗ് നടത്തുന്നതിനു വിഘാതമാകുന്നു. ചെറുതും, ഫലപ്രാപ്തി ക

പ്രോജക്ടുകൾ ഒഴിവാക്കി പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രോജക്ടുകൾ

നടപ്പാക്കിയും ചെറിയ അടങ്കലുള്ള പ്രോജക്ടുകൾ ഒഴിവാക്കി കൂടുതൽ അടങ്കലുള്ളത് ഉൾ

ശരിയായ വികസനം അടിസ്ഥാനപ്പെടുത്തിയും മെച്ചപ്പെട്ട രീതിയിൽ മരാമത്ത്

നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രവൃത്തികൾ കാലാവധിക്കുള്ളിൽ പൂർത്തീകരി

കരാറുകാരൻ അപേക്ഷ നൽകുകയോ സപ്ലിമെന്ററി കരാർ വയ്പിക്കുകയോ ചെയ്തിട്ടില്ല.

വരും വർഷങ്ങളിൽ ടി ന്യൂനതകൾ പരിഹരിക്കുന്നതിന് ഭരണസമിതിയും അസി. എ

നടപടി സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വി ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്ത പ്രോജക്ട്കള |
|---|---|---|---|---|---|
| 191 | 176039385 | 135 | 47081532 | 56 | 7 |

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയ്ക്ക് 2021 ഫെബ്രുവരി മാസം ലഭിച്ചിരുന്നു. 18 കോടി രൂപ അടങ്കലിൽ 191 പ്രോജക്ടുകളാണ് 2021-22 വാർഷിക ഉൾപ്പെടുത്തിയിരുന്നത്.

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വി നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്.

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആ പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിലും വിവിധ

പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുമുണ്ടാവുന്ന ഉ പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യ നടത്തുന്നതിനും തടസമാവുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ( ഉപേക്ഷിക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും കമ്മിറ്റികളുടെ പരിഗണനയ്ക്ക് വരാതെയാണ്.

18 കോടി രൂപയുടെ 2021-22 വാർഷിക പദ്ധതിയിൽ 27 ശതമാനമായ 5 കോടി രൂപ ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 191 പ്രോജക്ടുകളിൽ 71 ശതമാനത്തിൽ ഭാഗികമായെങ്കിലും സമയപരിധിക്കുള്ളിൽ ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വി ചുവടെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ട്കൾ | നടപ്പാക്കിയ പ്രോജക്ട്കൾ | നടപ്പാക്കിയ പ്രോജക്ട്കളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 12 | 12 | 100 | 8857485 | 83070 |
| 2 | വെറ്ററിനറി സർജൻ | 1 | 1 | 100 | 200000 | 2000 |
| 3 | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 8 | 8 | 100 | 2786000 | 2621 |
| 4 | ഹെഡ് മാസ്റ്റർ, ഗവ.എൽ പി എസ്. | 1 | 1 | 100 | 250000 | 740 |
| 5 | മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 2 | 2 | 100 | 300000 | 3000 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11 | 8 | 73 | 52262867 | 40295 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 3 | 43 | 5153012 | 3072 |
| 8 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100 | 500000 | 499 |
| 9 | സെക്രട്ടറി | 42 | 27 | 64 | 15065592 | 67425 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 7 | 78 | 61341134 | 48695 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 97 | 65 | 67 | 29323295 | 16364 |
| | | 191 | 135 | | 176039385 | 47081 |

ഗ്രാമസഭയുടെ അംഗീകാരം തേടാതെയാണ് പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതും ലഭിച്ച പ്രോജക്ടുകൾക്ക് ഭേദഗതി വരുത്തിയിട്ടുള്ളതും. 2021 ഫെബ്രുവരിയിൽ തന്നെ 2021-2 പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങ കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് ന വരുന്നത്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി പുരോഗതി വിലയിരുത്തി പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ( തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടില്ല.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ( |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5855 | 973408 | 979263 | 977752 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 46,706,202 | 46,706,202 | 46,706,202 | |

## 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാ പെൻഷൻ | 7883200 | 557 |
| കർഷകതൊഴിലാളി പെൻഷൻ | 48000 | 5 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 96000 | 6 |
| വാർദ്ധക്യകാലപെൻഷൻ | 16363600 | 1145 |
| വികലാംഗപെൻഷൻ | 1518400 | 106 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 17.01.2023-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്ത പരിശോധനയിൽ 3777/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉ

ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ്

പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തിരജിറ്റ

കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ

വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്ന

സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. (

അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്ത

കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖ

വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടി ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേ പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബു രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്ത നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബ കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് ക സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെ രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്ത് ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുണ്ട്.

**1-8-1 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ**

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വ

തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ പരിപാലിക്കുന്നില്ല. പ്രസ്തുത വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക ക കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

**1-8-2 മുൻകൂർ രജിസ്റ്റർ**

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കും മറ്റുള്ളവർക്കും മുൻകൂർ നൽകിയിട്ടു രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-8-3 സ്റ്റോക്ക് രജിസ്റ്റർ**

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടി

**1-8-4 സ്യൂട്ട് രജിസ്റ്റർ**

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്റ വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

**1-8-5 ഓഡിറ്റ് റിക്കവറി രജിസ്റ്റർ**

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോര സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നി കാലികമാക്കിയിട്ടില്ല.

**1-8-6 ഡെപ്പോസിറ്റ് രജിസ്റ്റർ**

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

## 1-9 വാർഷിക കണക്കിലെ അപാകതകൾ

2021-22-ലെ വാർഷിക കണക്കിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. അക്കൌണ്ട് ഹെഡ് നം. 320200399 ഗ്രാന്റ് വരവ് തുക മൈനസ് സംഖ്യയിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ ഇനത്തിലെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിര ലഭ്യമാക്കിയിട്ടില്ല.

2. അക്കൌണ്ട് ഹെഡ് നം. 320200307 (എം.എൽ.എ.ഫണ്ട്) ഗ്രാന്റ് തുകയുടെ മുന്നി ചെലവ്, നീക്കിയിരിപ്പ് എന്നിവ ലഭ്യമല്ല.

3. അക്കൌണ്ട് ഹെഡ് നം. 320300199 ഗ്രാന്റ് തുകയുടെ ഏതിനത്തിൽ ലഭിച്ച തുക മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയും ലഭ്യമല്ല

4. വാർഷിക പത്രികയിൽ 12 ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ വിവരങ്ങളുണ്ട്. ആവശ്യങ്ങൾക്കായി തുറന്നവയാണെന്നും, തനതുഫണ്ട് അക്കൌണ്ടുകൾ ഏതാണെന്നു കഴിഞ്ഞിട്ടില്ല.

5. ILGMS സിസ്റ്റത്തിലേയ്ക്ക് മാറിയ തീയതിയും, പുതിയ സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ( വർക്ക് ഷീറ്റും (മുൻ സിസ്റ്റത്തിലെ ബാലൻസ് ഷീറ്റ്, ILGMS മുന്നിരിപ്പ്) ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടിംഗ് സിസ്റ്റം സാംഖ്യ സോഫ്റ്റ്വെയറിൽ നി സിസ്റ്റത്തിലേക്ക് മാറുന്നത് 6.09.2021 ലാണ്. അന്നുവരെ നീക്കിയിരിപ്പുണ്ടായിരു പൂർണ്ണമായും സാംഖ്യയിൽ നിന്നും ILGMSലേയ്ക്ക് ചേർക്കേണ്ടതും ഒരു തുടർ പ്രക്രിയ പ്രവർത്തിക്കേണ്ടതുമാണ്. ഇപ്രകാരം തുകകൾ ILGMS ലേക്ക് ചേർത്തപ്പോൾ താഴെ പറ വ്യത്യാസം വന്നിട്ടുണ്ട്. ബാലൻസ് ഷീറ്റിലെ സംഗ്രഹത്തിലെ വിവരങ്ങളാണ് ചേർത്തിരി

| ക്രമ നം. | അക്കൗണ്ട് ഹെഡ് | സാംഖ്യയിലെ തുക | ILGMSലെ തുക | വ്യത്യാസം |
|---|---|---|---|---|
| 1 | 310000000 (ബി-1) പഞ്ചായത്ത് ജനറൽ ഫണ്ട് | 11759307.57 | 11366542.57 | 392765 |
| 2 | 320000000 (ബി-4) ഗ്രാന്റ് | 9119093 | 9074332 | 44761 |
| 3 | 350000000 (ബി-9) മറ്റ് ബാദ്ധ്യതകൾ | 1588527 | 1795455 | -206928 |
| 4 | 431000000 (ബി – 15) കടങ്ങൾ (കിട്ടാനുള്ളത്) | 3556493 | 3555845 | 648 |
| 5 | 432000000 (ബി-15 (എ)) പ്രൊവിഷൻ | 89691 | 0 | 89691 |
| 6 | 450000000 (ബി-17) ക്യാഷ് ബാങ്ക് ബാലൻസ് | 13747379.57 | 13755629.57 | -8250 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.11 തീയതി 18.01.20
ലഭ്യമാക്കിയിട്ടില്ല.

## 1-10 ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണയിച്ചില്ല

2021-22 ലെ ലൈസൻസ് അപേക്ഷകൾ വസ്തു നികുതി നിർണയ രേഖകളുമാ
പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് ബാധകമാക്കിയ അടിസ്ഥാന
നിരക്കിനേക്കാൾ കുറഞ്ഞ നികുതി നിരക്കാണ് ചുവടെ ചേർത്തിട്ടുള്ള
ഈടാക്കിയിട്ടുള്ളത് എന്ന് കണ്ടെത്തി.

| ക്രമ നം | ഡിഡിഒ രജിസ്റ്റർ പ്രകാരം ക്രമ നം | ലൈസൻസിയുടെ/ കെട്ടിട ഉടമയുടെ പേര് | വാർഡ് നം/ കെട്ടിട നമ്പർ | ഉപയോഗ ക്രമം | വിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നിർണയിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക് | ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത പ്രകാരം ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് | ഈടാക്കുന്ന അടിസ്ഥാന ( |
|---|---|---|---|---|---|---|---|---|
| 1 | 69 | മാത്യു ഔസേപ്പ് | 1/225 | ഹോംസ്റ്റേ | 26.93 | 30 | 40 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 9/18/01/2023)ക്ക് ലഭ്യമാക
പ്രകാരം വസ്തു നികുതി പുനർ നിർണയിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
നിർണയിച്ചതിൽ വന്ന കുറവ് പുനർ നിർണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ട

## 1-11 രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല

2021-22 വർഷത്തിൽ നികുതി നിർണയിച്ചിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടത്തിന്റെ
നിന്ന് അധികമായി നിർമിച്ച വിസ്തീർണത്തിന് താഴെക്കൊടുത്തിരിക്കും പ്രകാരം രാജിയാ
ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നം. | വിനിയോഗ ക്രമം | അപ്രൂവ്ഡ് പ്ലാനിലുള്ള വിസ്തീർണം (എം$^2$) | കമ്പ്ലീഷൻ പ്ലാനിലുള്ള വിസ്തീർണം (എം$^2$) | അധികരിച്ച് നിർമിച്ച വിസ്തീർണം (എം$^2$) |
|---|---|---|---|---|---|---|---|
| 1 | 13/123/ബി | ശ്രീ. ബിജു എ.എസ് | എ4 (ബിഎ/ 250814/18 തീ. 17/10/18 | റെസിഡ ൻഷ്യൽ | 109.44 | 154.25 | 44.81 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.15/18/12/2023) മറുപടി ലഭ്യ
രാജിയാക്കൽ ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 അംഗൻവാടി പോഷകാഹാരം - സ്പിൽ ഓവർ പ്രോജക്ട് വഴിയല്ലാതെ പുതിയ പദ്ധ കുടിശ്ശിക തുക അനുവദിച്ചു

അംഗനവാടി പോഷകാഹാര വിതരണ പദ്ധതികൾക്കായി ഐ.സി.ഡി.എസ്. സൂപ്പർവൈ
22 സാമ്പത്തിക വർഷം രണ്ട് പുതിയ പദ്ധതികൾ (22/2022, 49/2022)

നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ 2020-21 വർഷം വ ഇനങ്ങൾക്കും സ്പിൽ ഓവർ പദ്ധതി വഴിയല്ലാതെ നടപ്പ് സാമ്പത്തിക വർഷം തുക അന വിശദവിവരം ചുവടെ ചേർക്കുന്നു.

| വാങ്ങിയ ഇനം/ സ്ഥാപനം | വാങ്ങൽ നടത്തിയ ബിൽ നമ്പർ / തീയതി | തുക | തുക അനുവദ് BRN നമ്പർ / തീയതി |
|---|---|---|---|
| അമൃതം ഫുഡ് സപ്ലിമെന്റ് | 116/22.02.2021<br>118/08.03.2021 | 105183 (28008 + 77175) | 515447/13.10.2( |
| സിവിൽ സപ്ലൈസ് കോർപ്പറേഷൻ | 20753/ 16.03.2021<br>20754/ 16.03.2021 | 210430 (153631 + 56799) | 515442 /13.10.2 |

2020-21 സാമ്പത്തിക വർഷത്തെ മേൽ ബില്ലുകളുടെ തുക നൽകിയിരിക്കുന്നത് ഈ പുതിയ പ്രോജക്ടിലൂടെയാണ് (സ്പിൽ ഓവർ പ്രോജക്ട് വഴിയല്ലാതെ). മുൻ വർഷത്തെ ക നല്കുവാനുണ്ടായിരുന്നതിന്റെ വിവരങ്ങളൊന്നും ഫയലിൽ/രജിസ്റ്ററിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പുതിയ പ്രോജക്ട് വഴി നൽകിയ കുടിശ്ശിക തുകയുടെ അ വ്യക്തമാകുന്നില്ല. അംഗൻവാടി പോഷകാഹാരത്തിന്റെ കുടിശ്ശിക നൽകാനായി രണ്ട് ( പ്രോജക്ട് (184/2022, 185/2022) തൻ വർഷം ഉണ്ടായിരുന്നു എങ്കിലും പ്രസ്തുത ‹ തുകയൊന്നും ചെലവഴിച്ചിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണി ഓഡിറ്റ് എൻക്വയറിക്ക് (14/18.01.2022) മറുപടി ലഭ്യമാക്കിയില്ല. പുതിയ പ്രോജക്ട വകയിരുത്തിയ തുകയിൽ നിന്നും കുടിശ്ശിക തുക നൽകിയതിന്റെ കാരണം വ്യക്ത പ്രസ്തുത തുക മുൻവർഷം നൽകിയിട്ടില്ല എന്നതിന്റെ രേഖകളും ഓഡിറ്റിന് ലഭ്യമാ ₹315613/- തടസ്സപ്പെടുത്തുന്നു.

## 1-13 അമൃതം ന്യൂട്രിമിക്സ് - ലാബ് ടെസ്റ്റ് നടത്തുന്നില്ല

ടി. എച്ച്. ആർ.എസ് പ്രകാരം അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന അമൃത കുമളിയിലെ അനുഗ്രഹ അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റിൽ നിന്നും വാങ്ങി വിവിധ ബ 949477/-രൂപ ഐ.സി.ഡി.എസ് സൂപ്പർവൈസർ വിതരണം ചെയ്തിട്ടുണ്ട്. 22.09.2014 (സാധാ)നം. 587/2014/സാ.നീ. പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ ഉൽപ്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ സംബന്ധിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിറിൽ ലാബ് ടെസ്റ്റ് നടത്തി ഉ വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര വനിതാ ശിശുക്ഷേമ വകുപ്പിന്റെ 13.01. 1-24/2/2021-US(E-90701) സർക്കുലറിൽ ക്വാളിറ്റി അഷ്വറൻസിന്റെ ഉറപ്പ് വരുത്തി മാ പോഷകാഹാര വിതരണം നടത്താവൂ എന്നും നിർദ്ദേശിക്കുന്നുണ്ട്.സാമൂഹ്യ ക്ഷേമവകുപ്പ് 18.12.2010 ലെ ICDS.ബി.3-312/2010 - ാം നമ്പർ സർക്കുലർ പ്രകാ രണ്ടുമാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പ വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്ക് മിശ്രിതത്തിന്റെ വില നൽകാവൂ എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 2021-22 വർഷ

പരിശോധനയിൽ അമൃതം ഫുഡ് സപ്ലിമെന്റിന്റെ ലാബ് പരിശോധനാ റിപ്പോർട്ട് ലഭ്യമാ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/18.01.2021) മറുപടി ലഭ്യമാക്കി റിപ്പോർട്ട് വാങ്ങി സൂക്ഷിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും ഭാവിയിൽ ഇടവേളകളിൽ ലാബ് ടെസ്റ്റ് നടത്തി വിവരം സൂക്ഷിക്കേണ്ടതുമാണ്.

## 1-14 ജി.എസ്.റ്റി കോംപോസിഷൻ സ്കീം പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനത്തിന് ജി.എ അനുവദിച്ചു

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണത്ത ന്യൂട്രീമിക്സ് വാങ്ങിയ വകയിൽ അനുഗ്രഹ അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, കുമളി എന്ന സ്ഥാപനത്തിന് വിവിധ ബില്ലുകളിലായി 884682/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ( ചുവടെചേർക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ/ തീയതി | |
|---|---|---|
| 1 | 202358/14.07.2021 | |
| 2 | 188292/23.02.2022 | |
| 3 | 515447/13.10.2021 | |
| 4 | 327743/18.08.2021 | |
| 5 | 515437/13.10.2021 | |
| 6 | 399924/21.03.2022 | |

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പിന്റെ 25.05.2018 ലെ സർക്കാർ ഉത്തരവ് (ന 1450/2018/ ത.സ്വ.ഭ.വ പ്രകാരം അമൃതം ന്യൂട്രീമിക്സിന്റെ വില 5% ജി.എസ്.റ്റി ഉൾ രൂപയാണ്. ജി.എസ്.റ്റി ഉൾപ്പെടെയുള്ള തുകയാണ് അനുഗ്രഹ അമൃതം ഫുഡ് സപ്ലിമെ നൽകിയിരിക്കുന്നത്. കൂടാതെ ബിൽ ഓഫ് സപ്ലൈ പ്രകാരമുള്ള ബില്ലാണ് ലഭ്യമാക്കിയിരിക്കുന്നത്. പ്രസ്തുത സ്ഥാപനം ജി.എസ്.റ്റി കോംപോസിഷൻ സ്കീം രജിസ്റ്റർ ചെയ്തിരിക്കുന്നത് എന്ന് സ്ഥാപനത്തിന്റെ GSTIN (32AAMFG9392D1Z8) പരിശ നിന്നും വ്യക്തമാകുന്നു. അതിനാൽ സ്ഥാപനത്തിന് ഉപഭോക്താക്കളിൽ നിന്നും ഈടാക്കാൻ കഴിയില്ല (2017 ലെ കേരളാ ഗുഡ്സ് ആൻ്റ് സർവീസ് ടാക്സ് റൂൾസ് ച (F,G)). നിയമാനുസൃതം ജി.എസ്.റ്റി ഈടാക്കാൻ അവകാശമില്ലാത്ത സ്ഥാപനത്തിന് ഉൾപ്പെടെയുള്ള തുക അനുവദിച്ചത് അധിക ചിലവായി വിലയിരുത്തുന്നു. ജി. എസ്. റ് അധികമായി നല്കിയ 42127/- രൂപാ (ന്യൂട്രിമിക്സിന്റെ വില - 842555 + ഒടുക്കിയ ജി. എ - 42127 = ആകെ - 884682) തിരികെ ഈടാക്കിയോ അല്ലെങ്കിൽ വരുംവർഷങ്ങളിൽ ന്യൂട്രീമിക്സ് അധികമായി ലഭ്യമാക്കിയോ മറുപടി നൽകേണ്ടതാണ്.

## 1-15 ലൈഫ് ഭവന പദ്ധതി - വീട് പണി പൂർത്തീകരിച്ചില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 21.12.2018 ലെ സർക്കാർ ഉത്തരവ് (സാധാ) 3218/2 ലൈഫ് ഭവന പദ്ധതി വഴി വീട് വയ്ക്കുന്നതിന് ₹400000/- പരമാവധി ( അനുവദിക്കേണ്ടത് നാല് ഗഡുക്കളായിട്ടാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. വിശദവിവ ചേർക്കുന്നു.

| ഗഡു/നിർമ്മാണ ഘട്ടം | തുക (ശതമാനം) | ആ |
|---|---|---|
| അഡ്വാൻസ് | 40000 (10%) | |
| ബേസ്മെന്റ് പൂർത്തീകരണം | 160000 (40%) | |
| ലിന്റൽ മട്ടം | 100000 (25%) | |
| വീട് പൂർത്തീകരണം | 100000 (25%) | |

ലിന്റൽ മട്ടം പൂർത്തിയാത്തിയ വീടുകൾക്ക് 300000 വരെയാണ് ധനസഹായം അനു
എങ്കിലും അതിലധികമായി തുക നൽകിയിട്ടുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് / ലൈഫ് ഐ.ഡി | അനുവദിച്ച തുക | എഗ്രിമെന്റ് തീയതി / അവസാ നൽകിയ തീയതി |
|---|---|---|---|
| 1 | എം. രാജേന്ദ്രൻ/744340 | 350000 | 26.11.2018/18.09.2021 |
| 2 | സഹദേവൻ/804238 | 350000 | 27.11.2018/17.02.2020 |
| 3 | പാർവ്വതി ധനസിംഗ്/721717 | 350000 | 30.07.2019/26.03.2021 |
| 4 | സരോജിനി തങ്കപ്പൻ/721165 | 350000 | 16.08.2019/18.08.2020 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12 തീയതി 18.01.2023 വാർക്കാൻ തുകയില്ലാത്തതിനാലാണ് ഭാഗികമായി തുക അനുവദിക്കേണ്ടി വന്നതെന്ന് മറുപടി അംഗീകരിക്കുന്നു. ആറ് മാസത്തിനുള്ളിൽ വീട് പണി പൂർത്തിയാക പഞ്ചായത്തുമായി കരാറിലേർപ്പെട്ട് 2018/2019 വർഷങ്ങളിൽ അഡ്വാൻസ് കൈപ്പ വ്യക്തികൾ നാളിതുവരെയും വീട് പണി പൂർത്തിയാക്കിയിട്ടില്ല. വീട് പണി പൂർത്തീകര വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല

1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. ധനകാര്യപത്ര പ്രസ്തുതയിനത്തിൽ 52000/-രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ 2020 ഡിസംബർ മ തെരഞ്ഞെടുപ്പിൽ വിജയവും പ്രസ്തുത എണ്ണം വോട്ടും ലഭിക്കാത്ത സ്ഥാനാർത്ഥികളു നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായിട്ടില്ല. വരണാധികാരിയിൽനിന്ന് ലഭിച്ച തെരഞ്ഞെ അടിസ്ഥാനപ്പെടുത്തി പ്രസ്തുത നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടിക വിവരം അറിയിക്കേണ്ടതാണ്.

## 1-17 തൊഴിലുറപ്പ് പദ്ധതി സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചതിലെ അപ

2020-21 വർഷത്തിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചതിന്റെ തുക ന അപാകതകൾ ഉള്ളത് സംബന്ധിച്ച് 15/6/2021ലെ പഞ്ചായത്ത് കമ്മറ്റിയിൽ ചർച്ച ചെ നമ്പർ തീരുമാനം). ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിലുള്ള വിശദാംശ ചേർക്കുന്നു.

1. എം.ജി.എൻ.ആർ.ഇ.ജി.എസ്- ന്റെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപ 05/03/2020 ലെ 11 (3) നമ്പർ കമ്മറ്റി തീരുമാനപ്രകാരം 10-ാം വാർഡിലുള്ള ശ്രീശക്ത പ്രസിഡന്റ് & സെക്രട്ടറി എന്നിവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്.

2. കുടുംബശ്രീ യൂണിറ്റ് പേരിൽ 500 രൂപയുടെ മുദ്രപ്പത്രത്തിൽ എഗ്രിമെൻറ് ടൈപ്പ് ചെയ്തു സൂക്ഷിച്ചിട്ടുണ്ടെങ്കിലും എഗ്രിമെന്റിൽ കുടുംബശ്രീ പ്രസിഡന്റോ, സെക്രട്ടറി രേഖപ്പെടുത്തിയിട്ടില്ല.

3. കുടുംബശ്രീ പ്രസിഡൻറ് ശ്രീമതി.ഏഞ്ചൽ മോണിക സെലസിനെ അക്കൌണ്ട് എം.ഐ.എസ്സിൽ ഉൾപ്പെടുത്തുന്നതിന് 07/04/2020 ലെ എ11-1/2021 നമ്പർ കത്ത് പ്ര ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററോട് അപേക്ഷിച്ച് അക്കൌണ്ട് വെണ്ടറായി ടിയാളുടെ അക്കൗണ്ടിലേക്ക് ചുവടെ ചേർക്കും പ്രകാരം എഫ്.റ്റി.ഒ. മുഖേന ട്രാ നൽകിയെന്ന് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ശ്രീശക്തി ശ്രീമതി. ഏഞ്ചൽ മോണിക സെലസിനെ അക്കൌണ്ട് വെണ്ടറായി ചുമതലപ്പെടുത്തി തീരുമാനത്തിൽ പരാമർശിക്കുന്ന കത്ത് ഫയലിൽ ഇല്ല.

നിയമാനുസൃതമായ കരാറിൽ ഏർപ്പെട്ട് കുടുബശ്രീ പ്രസിഡന്റ് / സെക്രട്ടറി എന്നിവരു സംയുക്ത അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നതിന് പകരം കുടുംബശ്രീ പ്ര വ്യക്തിഗത അക്കൗണ്ടിലേക്ക് തുക കൈമാറിയത് എന്തിനെന്ന് വ്യക്തമല്ല. തുക കൈ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | തുക |
|---|---|---|
| 1 | 5/2020 | 251650 |
| 2 | 8/2020 | 5900 |
| 3 | 4/2021 | 552450 |

6. ക്രമ നം 1, 2 എന്നിവ പ്രകാരമുള്ള തുകകൾ കുടുംബശ്രീ പ്രസിഡൻറ് ശ്രീമതി. ഏഞ്ച എ.ഡി.ഇ.ഒ. ആയ ശ്രീമതി. മണിമേഖലയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് തീരുമാനത്തിൽ വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ ആയതിന്റെ കാരണം വ്യക്തമല്ല.

7. ക്രമനം (3) പ്രകാരമുള്ള തുകയുടെ വിതരണം/ട്രാൻസ്ഫർ സംബന്ധിച്ച വിശദാംശങ്ങൾ ല

8. ബോർഡുകൾ സ്ഥാപിക്കുന്നതിനായി ശ്രീശക്തി കുടുംബശ്രീ യൂണിറ്റിനെ CIB നിർമ്മാ ആക്ടിവിറ്റി ഗ്രൂപ്പായി ജില്ലാ കുടുംബശ്രീ മിഷനിൽ ജിയോടാഗ് ചെയ്തതിന്റെ വിശദാംശങ്ങ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 22/19-1-2023- ന് മറുപടി ലഭ നിയമാനുസൃതമായ കരാറിൽ ഏർപ്പെടാതെ വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് പണം ട്രാ നൽകിയത് പണാപഹരണത്തിന് തുല്യമാണ്. സ്വകാര്യ വ്യക്തിയുടെ അക്കൗണ്ടിലേ ചെയ്ത് നൽകിയ തുക തിരികെ ഈടാക്കി എം.ജി.എൻ.ആർ.ജി.എസ്. അക്കൗണ്ടിൽ ഒ അറിയിക്കേണ്ടതാണ്.

## 1-18 സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ കണ്ടെത്തിയ താഴെപറയുന്ന അപാകതകൾ അറിയിക്കേണ്ടതാണ്.

| പദ്ധതി നം. | പദ്ധതി | ചെലവ്/ബിൽ നം. | തുക | അപാകതക |
|---|---|---|---|---|
| 182 | എം.സി.എഫ്. കെട്ടിടം വയറിംഗ് | വൌച്ചർ നം.22100528/19.3.22 | 189919 | ഇതുവരെ വൈദ്യുത കണക്ഷൻ ലഭ്യമാ |

| | | | | |
|---|---|---|---|---|
| | | | | ആയത് ലഭ്യമാക്കി അറിയിക്കേണ്ടതാ |
| 14 | പച്ചപുൽക്കടി ചാവടി വയറിംഗ് (14/22) | ബിൽ നം. 211007520107013477O7/16.3.22 | 49884 | ഇതുവരെ വൈദ്യുത കണക്ഷൻ ലഭ്യമാ ആയത് ലഭ്യമാക്കി അറിയിക്കേണ്ടതാ |
| 17 | ആശ്രയ വിഹിതം നൽകൽ | ബിൽ നം. 211007520107003955 47/10.9.2122 | 650000 | തുകയുടെ വിനിയോ വിവരങ്ങൾ ലഭ്യമാ |
| 204 | ആവാസ് പ്ലസ് വിഹിതം നൽകൽ (ജനറൽ) | ബിൽ നം. 2110075201070146147 4/25.3.22 | 46424 | ദേവികുളം ബ്ലോക്ക പഞ്ചായത്തിന് ന വിനിയോഗ വിവര ലഭ്യമാക്കിയില്ല. |
| 205 | ആവാസ് പ്ലസ് വിഹിതം നൽകൽ (എസ്സിപി) | ബിൽ നം. 211007520107014614 87/25.3.22 | 45000 | ദേവികുളം ബ്ലോക്ക പഞ്ചായത്തിന് ന വിനിയോഗ വിവര ലഭ്യമാക്കിയില്ല. |
| | ആകെ | | 981227 | |

അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ച ₹981227/ തടസ്സപ്പെടുത്തുന്നു.

## 1-19 മഴക്കാലപൂർവ്വശുചീകരണം- ചെലവ് രേഖകൾ ഹാജരാക്കിയില്ല

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|
| 22100116/01.06.2021 | 130000 |

പതിമൂന്ന് വാർഡുകളിലേയും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമാ മിഷൻ ഫണ്ടിനത്തിലുള്ള ₹1,30,000/- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) മേൽ സൂ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട്. പ്രസ്തുത വൗച്ചറുകൾ പ ഹാജരാക്കിയില്ല. ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും അവയുടെ ചെല തയ്യാറാക്കുന്നതിനും ചുമതലപ്പെട്ട പി.എച്ച്.സി.-യിലെ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരു ഇൻസ്പെക്ടർമാർ) കണക്കുകൾ ക്രോഡീകരിക്കുന്നതിന് ചുമതലപ്പെട്ട ക്ലറിക്ക ഉദ്യോഗസ്ഥരും ഈ വീഴ്ചയ്ക്ക് ഉത്തരവാദികളാണ്. ആയതിനാൽ ഈ ഇനത്തിൽ ₹1,30,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 മെഡിക്കൽ ഓഫീസർ - സി എച്ച് സി നടപ്പാക്കിയ പദ്ധതികളിലെ അപാകതക - ₹ 203000/-

മെഡിക്കൽ ഓഫീസർ - സി.എച്ച്.സി. നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ അപാകതകൾ താഴെ ചേർക്കുന്നു.

| | | | ബിൽ നം. / തീയതി | തുക | ആർക്ക് നൽകി | അപാകതക |
|---|---|---|---|---|---|---|

| ക്രമ നം. | പദ്ധതി നം. / പദ്ധതിയുടെ പേര് | അടങ്കൽ / ചെലവ് | | | | പ്രകാരം അലോപ്പതി |
|---|---|---|---|---|---|---|
